## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3042 — 22.6.2012-ൽ മറുപടിയ്ക്ക്

### പച്ചക്കറിയുടെ വില വർദ്ധനവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സാജു പോൾ | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഈയിടെയായി പച്ചക്കറിയുടെ വില ക്രമാതീതമായി ഉയരുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ ; | (എ) സംസ്ഥാനത്ത് പച്ചക്കറിയുടെ ഉത്പാദനം ആവശ്യകത പരിഹരിക്കുന്നതിന് പര്യാപ്തമല്ല. നമ്മുടെ ഭക്ഷ്യാവശ്യത്തിന്റെ 20% ൽ താഴെ മാത്രമാണ് നമ്മുടെ സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്നത്. കൂടാതെ ഉത്പ്പാദകരും കച്ചവടക്കാരും തമ്മിൽ ശക്തമായ ബന്ധം നിലവിലില്ല. വിപണിയിലെ അടിസ്ഥാന സൗകര്യങ്ങളും അപര്യാപ്തമാണ്. ഇതിനും പുറമെ സംസ്ഥാനത്തിന് ആവശ്യമായ പച്ചക്കറികൾ അന്യസംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. മേൽ പറഞ്ഞ കാരണങ്ങളാലാണ് പച്ചക്കറിയുടെ വില വർദ്ധിക്കുന്നത്. |
| (ബി) പച്ചക്കറി വിലവർദ്ധനവുണ്ടായ സാഹചര്യത്തിൽ സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ കൈക്കൊണ്ട നടപടികളെ സംബന്ധിച്ച് അവലോകനം നടത്താൻ തയ്യാറാകുമോ ; | (ബി) 20/11/2012-ൽ സംസ്ഥാനത്ത് പച്ചക്കറി ഉത്പ്പാദനം വർദ്ധിപ്പിക്കുന്നതിനായി കൈക്കൊണ്ട നടപടികൾ ചുവടെ ചേർക്കുന്നു.<br>(1) വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി<br>(2) സ്ക്കൂളുകളിൽ പച്ചക്കറി കൃഷിയും ജലസേചന സൗകര്യങ്ങളും<br>(3) വീട്ടുവളപ്പിലെ പച്ചക്കറി കൃഷി<br>(4)സർക്കാർ/സർക്കാരേതര സ്ഥാപന |

ങ്ങളിൽ പച്ചക്കറി കൃഷി.

(5) പച്ചക്കറി കൃഷി പരിശീലനം

(6) വനിതാഗ്രൂപ്പുകൾ മുഖേനയുള്ള പച്ചക്കറി കൃഷി

(7) ഇടവിളയായി പച്ചക്കറി കൃഷി.

(8)തരിശുഭൂമിയിൽ കരാർ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി

(9) പച്ചക്കറി വിപണന സൗകര്യങ്ങൾ ഒരുക്കുക.

(10)ഉത്സവകാലമേളകൾ സംഘടിപ്പിക്കുക.

സംസ്ഥാനത്ത് പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി 2012–13 സാമ്പത്തിക വർഷം വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന് പ്ലാൻ ഫണ്ടിനത്തിൽ 1145 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതികൾ താഴെ ചേർക്കുന്നു.

വി.എഫ്.പി.സി.കെ. വിത്തുൽപാദനത്തിനുള്ള സഹായം – 45 ലക്ഷം

പച്ചക്കറി വ്യാപനം – 600 ലക്ഷം

പഴം–പച്ചക്കറി മേഖലയിൽ വിപണന സംവിധാനം ശക്തിപ്പെടുത്തൽ –500 ലക്ഷം

ആകെ – 1145 ലക്ഷം

(സി) സർക്കാർ നടപ്പിൽ വരുത്തിയ സമഗ്ര പച്ചക്കറി വികസന പദ്ധതി, പച്ചക്കറി കൃഷി വികസന പദ്ധതി എന്നിവയിലൂടെ പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് സർക്കാർ കരുതുന്നുണ്ടോ ?

(സി) ഉണ്ട്. സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി 2011–2012–ൽ വാണിജ്യാടിസ്ഥാനത്തിൽ 1735 ഹെക്ടർ സ്ഥലത്ത് പച്ചക്കറി അധികമായി കൃഷി ചെയ്യാൻ സാധിച്ചിട്ടുണ്ട്. സ്കൂളുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 500 സ്കൂളുകളിൽ 20 സെന്റിൽ വീതം പച്ചക്കറി കൃഷി പ്രോത്സാഹിപ്പിച്ചു. കൂടാതെ 125 സ്കൂളുകളിൽ പച്ചക്കറി കൃഷിയ്ക്ക് ആവശ്യമായ ജലസേചന സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് 2 ലക്ഷം പച്ചക്കറി വിത്ത്

കിറ്റുകൾ വിതരണം നടത്തുകയുണ്ടായി. കൂടാതെ കർഷകർക്ക് ഇതിനാവശ്യമായ പരിശീലനവും നൽകിയിട്ടുണ്ട്. 2011-2012-ലെ ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായ വനിതാഗ്രൂപ്പുകൾമുഖേനയുള്ള പച്ചക്കറി കൃഷി വികസനത്തിനായി 1000 ഹെക്ടർ സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷിയും 650 ഹെക്ടർ സ്ഥലത്ത് ഇടവിള കൃഷിയും, 75000 കിറ്റുകളും വിതരണം ചെയ്തു. പുരയിടകൃഷി നടപ്പാക്കി. ബ്ലോക്കുകൾ കേന്ദ്രമാക്കി 300 ഉം റെസിഡൻസ് അസോസിയേഷനുകൾ മുഖേന 200 ഉം വിപണന ഔട്ട് ലെറ്റുകൾ തുറന്നു. ഇതിനുപുറമെ 50 ഉത്സവകാല മാർക്കറ്റുകൾ സംഘടിപ്പിക്കുന്നതിനും സഹായം നൽകിയിട്ടുണ്ട്. നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി , 25 ലക്ഷം വിത്തുകിറ്റുകൾ വിതരണം ചെയ്യുക യുണ്ടായി. കരാർ അടിസ്ഥാനത്തിൽ തരിശുഭൂമിയിൽ വാഴ, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ 691 ഹെക്ടറിൽ കൃഷി ചെയ്യുന്നതിന് സഹായം നൽകിയിട്ടുണ്ട്. പദ്ധതി പ്രദേശത്ത് 10 മുതൽ 15 ടൺ വരെ ഹെക്ടറൊന്നിന് അധിക ഉൽപ്പാദനം ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ